**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോലഴി ഗ്രാമ പഞ്ചായത്തിലെ ശോഭാ സിറ്റി മാളിൽ പ്രവർത്തിക്കുന്ന ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 6 -മൾട്ടിപ്ളെക്സ് തീയറ്ററുകളിൽ കമ്പ്യൂട്ടറൈസ്ഡ് ഇ-ടിക്കറ്റിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.3550/2016/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം. 29/12/2016.

പരാമർശം:

1) പഞ്ചായത്ത് ഡയറക്ടറുടെ 27.1.2016 ലെ c4-2652/16 നമ്പർ കത്ത്.

2) കോലഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 20.1.2016 തീയതിയിലെ c1-6367/15 നമ്പർ കത്ത്.

3) കോലഴി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 9.12.2015 ലെ 4-ആം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമ പഞ്ചായത്തിലെ ശോഭാ സിറ്റി മാളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 6 മൾട്ടിപ്ളെക്സ് തീയറ്ററുകളിൽ കമ്പ്യൂട്ടറൈസ്ഡ് ഇ-ടിക്കറ്റിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് 13.11.2015 ൽ സമർപ്പിച്ച അപേക്ഷ പരാമർശം 3 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാർ അനുമതിക്കായി പരാമർശം 2 പ്രകാരം കോലഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി. പരാമർശം 1 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തു.

പരാമർശം3 ലെ കമ്മിറ്റി തീരുമാനപ്രകാരം ശോഭാ സിറ്റി മാളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 6 മൾട്ടിപ്ളെക്സ് തീയറ്ററുകളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റായി 1200000/- (പന്ത്രണ്ട് ലക്ഷം )രൂപയും വിനോദനികുതി അഡ്വാൻസായി 1900000/- (പത്തൊൻപതു ലക്ഷം )രൂപയും കോലഴി ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ് എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് പരാമർശം 2 പ്രകാരം പഞ്ചായത്തു സെക്രട്ടറി അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമ പഞ്ചായത്തിലെ ശോഭാ സിറ്റി മാളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 6 മൾട്ടിപ്ളെക്സ് തീയറ്ററുകളിലും കമ്പ്യൂട്ടറൈസ്ഡ് ഇ-ടിക്കറ്റിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 6 മൾട്ടിപ്ളെക്സ് തീയറ്ററുകളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റായി 1200000/-(പന്ത്രണ്ട് ലക്ഷം രൂപയും ) വിനോദനികുതി അഡ്വാൻസായി 1900000/- (പത്തൊൻപതു ലക്ഷം ) രൂപയും കോലഴി ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്.

2. കേരള ലോക്കൽ അതോറിറ്റി എന്റർടൈൻമെന്റ് ടാക്സ് ആക്ട് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വ്യവസ്ഥയ്ക്കും വിധേയമായി ഐനോക്സ് ലീഷ്യർ ലിമിറ്റഡ് വിനോദനികുതി അടവാക്കേണ്ടതാണ്.

3. ഒരു കമ്പ്യൂട്ടർ എല്ലാ വിധ അനുബന്ധ ഉപകാരണങ്ങളോടെയും ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളോടെയും നൽകുകയും കാലാകാലങ്ങളിൽ മെയ്ന്റനൻസ് നടത്തുകയും ഐനോക്സ് ലീഷ്യർ ലിമിറ്റഡിന്റെ ചുമതലയായിരിക്കും.

4. ഇ ടിക്കറ്റ് ഓൺലൈൻ വഴി നൽകുന്നതിന് മുൻപ് കോലഴി പഞ്ചായത്തിന് കൈമാറേണ്ടതും ,പഞ്ചായത്ത് ഓരോ ടിക്കറ്റിലും കമ്പ്യൂട്ടർ/ മാന്വൽ മുഖേന സീലും സീരിയൽ നമ്പറും പതിച്ച ഐനോക്സ് ലീഷ്യർ ലിമിറ്റഡിനു കൈമാറേണ്ടതുമാണ്.

5. കോലഴി ഗ്രാമപഞ്ചായത്ത് ഇ ടിക്കറ്റിങ് സമ്പ്രദായത്തിന് മേൽനോട്ടം വഹിക്കുന്നതും ആയത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിച്ച് ഉറപ്പ വരുത്തുന്നതിന് പഞ്ചായത്ത്സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാപ്പച്ചൻ എസ്,
അണ്ടർ സെക്രട്ടറി .

സെക്രട്ടറി, കോലഴി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
ഐനോക്സ് ലീഷ്യർ ലിമിറ്റഡ് , ശോഭാ സിറ്റി മാൾ,കോലഴി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Rajeena
സെക്ഷൻ ഓഫീസർ

പകർപ്പ്

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന് .
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എയ്ക്ക് .